(എഫ്) സംസ്ഥാന സർക്കാരും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും ചേർന്ന് സംഘടിപ്പിച്ച തുറമുഖ-സുമദ്രയാന വ്യവസായ സംഗമത്തിലൂടെ ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ ആശങ്കകളും ദൂരീകരിക്കുന്നതിനും, അതുവഴി തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന ആഗോള ടെണ്ടർ പ്രക്രിയയിൽ പങ്കെടുക്കുന്നതിന് ഡെവലപ്പേഴ്സിനും സാമ്പത്തിക സഹായം നൽകുന്നതിന് ബാങ്കുകൾക്കും/മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾക്കും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

തീരദേശ സമുദ്രയാന പദ്ധതി

25 (*25) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം ലക്ഷ്യമാക്കി സംസ്ഥാനത്ത് തീരദേശ സമുദ്രയാന പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ ഗതാഗതം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക എങ്ങനെ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതിക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) പദ്ധതിമൂലം എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻപിള്ള) :

(എ) കേരള സർക്കാർ തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കാൻ വേണ്ടി 2010-11-ലെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളിൽ കൂടിയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാൻ വിശദമായ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിക്കുകയും തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുറമുഖ വകുപ്പ് ഡയറക്ടർ ടെണ്ടർ നടപടികൾക്ക് ശേഷം സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) തുടക്കത്തിൽ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളാണ് കപ്പൽ ഗതാഗതം നടത്തുന്നതിന് ഉപയോഗിക്കുന്നത്. പ്രാഥമിക ചെലവുകൾക്കായി 2010-11-ലെ ബഡ്ജറ്റിൽ ഇതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 157.8 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) റോഡ്/റെയിൽ മാർഗ്ഗമാണ് കേരളത്തിൽ ഇപ്പോൾ മിക്കവാറും ചരക്കുകൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നത്. ഇത് കടൽ മാർഗ്ഗം ആക്കിയാൽ താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടാകുന്നതാണ്.

1. ചരക്കുകൊണ്ടുവരുന്നതിനുള്ള ചെലവ് ഗണ്യമായി കുറയും.

2. അന്തരീക്ഷത്തിന്റെ മലിനീകരണം കുറയ്ക്കാൻ സാധിക്കും

3. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും.

4. റോഡിലുള്ള തിരക്കും അതുമൂലമുണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും.

5. തീ പിടിക്കാൻ സാധ്യതയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളും രാസവസ്തുക്കളും കടൽമാർഗ്ഗം കടത്തുകവഴി അപകട സാദ്ധ്യത കുറയും.

6. കൈകാര്യം ചെയ്യുന്ന ചരക്കിന്റെ വ്യാപ്തിയും ഭാരവും പ്രശ്നമല്ല. ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽവഴി കൊണ്ടുവരുന്നതിന് വ്യാപാരികൾ തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും. കൂടാതെ പ്രസ്തുത പദ്ധതിമൂലം റോഡിലെ തിരക്ക് കുറയുകയും ഉൽപ്പന്നങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് വരുത്തുവാനും സാധ്യമാകുന്നതാണ്.

ഭക്ഷ്യവസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവ്

26 (*26) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യ വസ്തുക്കൾക്ക് പച്ചക്കറികൾക്കുൾപ്പെടെ ദിവസം പ്രതി വില ഇരട്ടിയായതിന് കാരണം ഇടത്തട്ടുകാരുടെ സംഘടിത പ്രവർത്തനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെതിരെ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഹോട്ടലുകളിൽ അമിതവില ഈടാക്കുന്നത് തടയാനും, കൃത്രിമ ക്ഷാമവും തമിഴ്നാട്ടിലെ വെള്ളപ്പൊക്കവും മറയാക്കി, മാർക്കറ്റിൽ ഉല്പന്നങ്ങൾക്ക് നിമിഷംപ്രതി വിലവർദ്ധിപ്പിക്കുന്ന പ്രവണത നിയന്ത്രിക്കാനും, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly